# വേണ്ടത് കൃഷി അനുബന്ധ വിനോദസഞ്ചാര പദ്ധതികൾ




കുട്ടനാടിന്റെ പ്രധാന വരുമാനമാർഗങ്ങളിലൊന്നായ വിനോദസഞ്ചാര മേഖലയിൽ സാമൂഹിക പങ്കാളിത്തത്തോടെയുള്ള മുന്നേറ്റങ്ങൾക്ക് ഊന്നൽ നൽകണം. കൃഷിരീതികൾ നേരിൽ കണ്ടു കർഷകരുടെ വീടുകളിൽ താമസിക്കാൻ കഴിയുംവിധമുള്ള കമ്യൂണിറ്റി ടൂറിസം വരണം. വിനോദസഞ്ചാര മേഖലയിൽ ഹരിതമാർഗരേഖ കർശനമാക്കണം. ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ കൃഷിയും മീൻ വളർത്തലും ഉൾപ്പെടുത്തണം.

വഞ്ചിവീടുകളുടെ ശുചിത്വവും സുരക്ഷയും ഉറപ്പാക്കാൻ സംവിധാനം വേണം. മലിനീകരണം കുറയ്ക്കാനായി ഇവ സൗരോർജത്തിൽ പ്രവർത്തിപ്പിക്കാനുള്ള സാധ്യതയും തേടണം.

മാലിന്യസംസ്കരണം അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കണം. ജലാശയ ശുദ്ധീകരണം വിനോദസഞ്ചാര വികസനത്തിൽ നിർണായകം.